## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3974** **11.11.2019 ൽ മറുപടിയ്ക്ക്**

## അംഗൻവാടി സൂപ്പർവൈസർ തസ്തിക

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എൻ. ഷംസുദ്ദീൻ** | | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | 2014 -ലെ ഉത്തരവ് പ്രകാരം ഡിഗ്രിയും പത്ത് വർഷം സർവ്വീസുമുള്ള അംഗൻവാടി വർക്കർമാരിൽ നിന്ന് ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിന്റെ വിശദവിവരം നൽകുമോ; | (എ) | വനിത ശിശു വികസന വകുപ്പിൽ 1327 ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയാണ് നിലവിലുള്ളത്. 27.12.2012 ലെ സ.ഉ (പി) നം.78/2012/സാ.ക്ഷേ.വ. പ്രകാരം രൂപീകരിച്ചിട്ടുള്ള വിശേഷാൽ ചട്ട പ്രകാരം ഡിഗ്രിയും 10 വർഷം അങ്കണവാടി സേവനപരിചയവുമുള്ള ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിയമനത്തിനായി ആകെ തസ്തികയുടെ 11% ആയ 146 തസ്തികയാണ് പി.എസ്.സി. വഴി നേരിട്ട് നിയമനത്തിനായി നീക്കി വച്ചിട്ടുള്ളത്. |
| (ബി) | ഇതിന്റെ നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (ബി) | കാറ്റഗറി നമ്പർ 423/2014 പ്രകാരം 19.07.2017 ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി. 143 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന മൂന്ന് ഒഴിവുകളിൽ 1 ഒഴിവ് എസ്.സി. വിഭാഗത്തിൽ ആളില്ലാത്തതിനാലും 1 ഒഴിവ് OX (Other Christians) വിഭാഗത്തിൽ ആളില്ലാത്തതിനാലും ഒഴിച്ചിട്ടുള്ളതും 1 ഒഴിവ് പി.എസ്.സി. താൽക്കാലികമായി നിയമനം മാറ്റി വച്ചിട്ടുള്ളതും ആണ്. നിയമനം ലഭിച്ച 143 പേരിൽ ഒരാൾ വകുപ്പ് മാറിയത് വഴി ഉണ്ടായ ഒഴിവ് ST വിഭാഗത്തിന് മാത്രമുള്ള നിയമനത്തിന് മാറ്റിവച്ചിട്ടുള്ളതുമാണ്. നിലവിൽ ഈ കാറ്റഗറിയിൽ ഒഴിവുകളൊന്നും ഇല്ല. |
| (സി) | ഡിഗ്രിയും പത്ത് വർഷം സർവ്വീസുമുള്ള അംഗൻവാടി വർക്കർമാരെ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി നിയമിക്കണമെന്ന് ഏതെങ്കിലും ട്രൈബ്യൂണൽ / കോടതികളിൽ നിന്ന് ഉത്തരവ് ലഭിച്ചിട്ടുണ്ടോ; | (സി) & (ഡി) | ഇല്ല. ഡിഗ്രിയും പത്ത് വർഷം സർവ്വീസുമുള്ള അംഗൻവാടി വർക്കർമാർക്ക് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായി നിലവിലെ സ്പെഷ്യൽ റൂൾ പ്രകാരം നിയമനം നൽകി വരുന്നുണ്ട്. |
| (ഡി) | എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നതിന്റെ വിശദവിവരം നൽകുമോ? | | |

സെക്ഷൻ ഓഫീസർ.